AWWF-D2-301/2022

കേരള അങ്കണവാടി വർക്കേഴ്സ് &
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര തിരുവനന്തപുരം
Email:awwfkerala@gmail.com
ഫോൺ:0471-2342433
തീയതി : 31/05/2022

## പരിപത്രം

വിഷയം : വനിതാ ശിശു വികസന വകുപ്പ് -അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - കിലെ സിവിൽ സർവീസ് അക്കാദമി- സിവിൽ സർവീസ് പ്രിലിമിനറി/ മെയിൻസ് പരീക്ഷ പരിശീലനം -സംബന്ധിച്ച്

സൂചന: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (കിലെ) 26/05/2022 കിലെ സി/01/2021 നമ്പർ കത്ത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ സിവിൽ സർവീസ് അക്കാദമിയിൽ അടുത്ത ബാച്ച് സിവിൽ സർവീസ് പ്രിലിമിനറി/ മെയിൻസ് പരീക്ഷയുടെ പരിശീലനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. കേരളത്തിലെ അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമാണ് പരിശീലനം നൽകുന്നത്. ഏതെങ്കിലും ഒരു വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഒരു വർഷമാണ് കോഴ്സിന്റെ കാലാവധി. ക്ലാസുകൾ 2022 ജൂൺ 20 ന് ആരംഭിക്കും. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ബിരുദധാരികളായ ആശ്രിതർക്ക് ബന്ധപ്പെട്ട ക്ഷേമ ബോർഡിൽ നിന്നും നൽകുന്ന ആശ്രിതത്വ സർട്ടിഫിക്കറ്റ് ഉൾപ്പെടെ 2022 ജൂൺ 13 വരെ അപേക്ഷിക്കാം.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങളും അപേക്ഷ സമർപ്പിക്കേണ്ട ലിങ്കും **kile.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി 7907099629, 0471-2309012, 0471-2307742 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അങ്കണവാടി ക്ഷേമനിധി ബോർഡിൻറെ കീഴിൽ അംഗത്വം എടുത്തിട്ടുള്ള അങ്കണവാടി പ്രവത്തകരുടെ ആശ്രിതർക്ക് ആശ്രിതത്വ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു .കൂടാതെ ഈ വാർത്ത അങ്കണവാടി പ്രവർത്തകർക്കിടയിൽ പ്രചാരണം നൽകേണ്ടതുമാണ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ